**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1493** | **11/08/2017-ൽ മറുപടിയ്ക്ക്**

## പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ്

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കേരള-തമിഴ്നാട് അതിർത്തിയിലുള്ള പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ് ആദിവാസി വിഭാഗത്തിൽ ഉൾപ്പെട്ടവർപോലും ഉൽപ്പന്നങ്ങളുമായി എത്തിച്ചേരുന്ന ഒന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടുത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും ഇതിനെ ഒരു മാതൃകാ മാർക്കറ്റായി മാറ്റുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; | (എ) | ഉണ്ട്. വെള്ളറട ഗ്രാമപഞ്ചായത്തിലെ പനച്ചമൂട് പബ്ലിക് മാർക്കറ്റ് കേരള-തമിഴ്നാട് അതിർത്തിയിൽ സ്ഥിതിചെയ്യുന്നതും ആദിവാസി വിഭാഗത്തിൽ ഉൾപ്പെട്ടവർ ഉൾപ്പെടെ നിരവധിപേർ ഉത്പന്നങ്ങളുമായി എത്തിച്ചേരുന്ന സ്ഥലവുമാണ്.<br>പനച്ചമൂട് പബ്ലിക് മർക്കറ്റിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 2017-18 -ൽ വെള്ളറട ഗ്രാമപഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. |
| (ബി) | പബ്ലിക്ക് മാർക്കറ്റ് നവീകരണത്തി നായി സർക്കാർ തലത്തിൽ എന്തൊ ക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം ഏതൊക്കെ മാർക്കറ്റുകൾ നവീകരിച്ചിട്ടു ണ്ടെന്നും ആയതിലേയ്ക്ക് ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കാമോ? | (ബി) | ആധുനിക പൊതുമാർക്കറ്റുകൾ നിർമ്മിക്കുന്നതിന്/ നവീകരിക്കുന്നതിന് കിഫ്ബിയുടെ സഹായത്തോ ടെ 100 കോടി രൂപ അനുവദിക്കുന്നതാണെന്ന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. നഗരസഭകളിൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതു മാർക്കറ്റുകളുടെ നവീകരണത്തിനായി ഈ വകുപ്പ മുഖേന പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**